MR. S. KUTTEN (*Neyyattinkara I—General*) : ഈ കപ്പൽ ഇപ്പോൾ കടലിലാണോ അതൊ കരയിലാണോ?

HON'BLE MR. K. M. KORAH : കൊച്ചി തുറമുഖത്താണെന്ന് ഞാൻ പ്രസ്താവിച്ചു കഴിഞ്ഞു.

MR. ABDUL AZIZ : ഏതായാലും ഈ കപ്പൽ നല്ലതല്ലെന്ന ഗവണ്മെൻറിനു തോന്നിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH : അങ്ങിനെ തോന്നിയിട്ടില്ല.

MR. P. S. MOHAMMED (*Muvattupuzha I—Muslim*) : ഒരു വമ്പിച്ച തുകകൊടുത്തു ഈ കപ്പൽ വങ്ങിച്ചതിനു പകരം നല്ല വള്ളങ്ങൾ വാങ്ങിച്ചാൽ പോരായിരുന്നോ?

HON'BLE MR. K. M. KORAH : ഏതായാലും ഇതു വാങ്ങിച്ചു പോയല്ലോ.

MR. N. V. CHACKO (*Kunnathunad III - General*) : ഇതിന്റെ അറ്റകുറ്റപ്പണിക്കു ഇനിമേൽ എന്തു ചെലവു വരുമെന്നു പറയാമോ?

HON'BLE MR. K. M. KORAH : അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ചേർത്തല — അലപ്പുഴ തോട്.

312 MR. KRISHNAN AIYAPPAN (*Sherthalai III—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട. പി. ഡബ്ലിയു. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തല — അലപ്പുഴ തോടുവെട്ടിനുവേണ്ടി ഇതുവരെ ഗവണ്മെൻറിനു എന്തു ചെലവായിട്ടുണ്ട്? എത്ര മൈൽ വെട്ടിത്തീർത്തിട്ടുണ്ട്?

(ബി) ഇനി എത്ര മൈൽകൂടി വെട്ടിയാൽ ഈ തോടു പൂർത്തിയാകും? അതിലേക്കു ഉദ്ദേശം എന്തു രൂപാകൂടി ചെലവാകും?

(സി) ഈ തോടുവെട്ടി പൂർത്തിയാക്കാത്തതുമൂലം വെട്ടിയിടത്തോളം ഭാഗത്തിന്റെ കിഴക്കും പടിഞ്ഞാറും ഉദ്ദേശം മുക്കാൽ മൈൽ വീതിയിലുള്ള സ്ഥലത്തെ നിലം പുരയിടങ്ങളിലെ കൃഷിക്കു വലുതായ നാശം സംഭവിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

(ഡി) തോടുവെട്ടുജോലിക്കു ഗവണ്മെൻറിൽനിന്നും ചെലവാക്കിയതിനെക്കാൾ കുറഞ്ഞതോതിൽ വെട്ടിത്തീർക്കുന്നതിനു കോൺട്രാക്ടറെ ഏല്പിച്ചു നടത്താൻ പ്രൈവറ്റു എജൻസികൾ തയ്യാറുള്ള പക്ഷം അങ്ങനെ കോൺട്രാക്ടറെ കൊടുക്കുന്നതിനു വിരോധമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. ATCHUTHAN: (എ) ചേർത്തല — ആലപ്പുഴ തോടുവെട്ടുന്നതിന് ക, ൈ ഡ, വ ള ൈ രൂപാ ഇതേവരെ ചെലവായിട്ടുണ്ട്. ൈ മൈൽ ക ൈനുള അടി ഇതുവരെ തീർന്നിട്ടുണ്ട്.

(ബി) ന്യ മൈൽ ള ള ൈ അടി ഇനിയും പെട്ടിത്തീർക്കാനുണ്ട്. അതിനു് ഏകദേശം നൂറു ലക്ഷം രൂപ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

(സി) അതിനെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതിയാണു് ഇതു്. സ്ഥിതിഗതികൾ നന്നാകുമ്പോൾ പണി പൂർത്തിയാക്കുന്ന കാര്യത്തെക്കുറിച്ചാലോചിക്കുന്നതാണു്.

MR. KRISHNAN AIYAPPAN: ആലപ്പുഴമുതൽ ചേർത്തലവരെയുള്ള തോടിനു വേണ്ടി സ്ഥലം പൊന്നുംവില കൊടുത്തു എടുത്തിരിക്കയാണെന്നു ഗവണ്മെൻറിനറിയാമോ?

NON'BLE MR. A. ATCHUTHAN: അറിയാം.

MR. KRISHNAN AIYAPPAN: ചേർത്തല താലൂക്കിലുള്ള മണ്ണിന്റെ പ്രകൃതം മാറ്റാനായിട്ടാണു് ഈ തോടുവെട്ടാരംഭിച്ചിട്ടുള്ളതെന്നറിയാമോ?

HON'BLE MR. A. ATCHUTHAN: പൊതുജനങ്ങളുടെ ഗതാഗത സൗകര്യത്തിനും വ്യവസായപരിപോഷണത്തിനുമായിട്ടാണു് ഇതു് വെട്ടുന്നതെന്നാണു് ഗവണ്മെൻറ് ധരിച്ചിരിക്കുന്നതു്.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*): ഈ തോടു് എത്രകാലംകൊണ്ടു് പൂർത്തിയാകുമെന്നു പറയാൻ സാധിക്കുമോ?

HON'BLE MR. A. ATCHUTHAN: എത്ര കാലംകൊണ്ടു് തീരുമെന്നു ഖണ്ഡിതമായി പറയാൻ സാധിക്കയില്ല. എങ്കിലും നിവൃത്തിയുള്ളിടത്തോളം വേഗത്തിൽ തീർക്കുമെന്നു പറയാം.

MR. K. RAMAKRISHNA PILLAI(*Ambalapuzha I—General*): ക ക്ഷ.-ൽ ഈ തോടിനുവേണ്ടി എന്തു ചിലവായിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. A. ATCHUTHAN: ക, ൈനു, വ ള ൈ രൂപാ

ഇലക്ട്രിക്കൽ സ്റ്റോർകീപ്പർ.

313. MR. MANNAR K. GOPALAN NAIR: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇലക്ട്രിക്കൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly